# സ്വവർഗ്ഗരതി:

# ഒരു സാമൂഹിക അധോഗതി !!!

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

إن الحمد لله نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا، وسيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدًا عبده ورسوله، صلى الله عليه وعلى آله وصحبه وسلم تسليمًا كثيرًا

ഖുർആനും സുന്നത്തും മനുഷ്യപ്രകൃതിയും ശക്തമായി എതിർക്കുന്നതായിട്ടുള്ള സ്വവർഗ്ഗരതിയെന്ന അശ്ലീലത്തെ, മനുഷ്യവർഗ്ഗത്തിൽ പെട്ട, എന്തിനു പറയണം, മുസ്ലിമീങ്ങളിൽ പെട്ട പലരും പ്രോത്സാഹിപ്പിക്കുന്ന ഈ ദയനീയമായ അവസ്ഥയിൽ, ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിലും, അഹ്ലുസുന്നത്തിന്റെ പണ്ഡിതന്മാർ അതിനെ കുറിച്ച് പരാമർശിച്ചതിന്റെ അടിസ്ഥാനത്തിലും ചിലത് ഉണർത്തുവാൻ ആകുന്നു ഈ ലഘുലേഖയിലൂടെ ഉദ്ദേശിക്കുന്നത്. അല്ലാഹുവിങ്കൽ ആകുന്നു എല്ലാ സഹായവും തേടപ്പെടുന്നത്.

## അല്ലാഹു ﷻ പരിശുദ്ധ ഖുർആനിൽ സ്വവർഗ്ഗരതിയെ കുറിച്ച് പരാമർശിച്ച വചനങ്ങളിൽ ചിലത്:

അല്ലാഹു ﷻ പറഞ്ഞു:

**{وَلُوطًا إِذۡ قَالَ لِقَوۡمِهِۦٓ أَتَأۡتُونَ ٱلۡفَٰحِشَةَ مَا سَبَقَكُم بِهَا مِنۡ أَحَدٖ مِّنَ ٱلۡعَٰلَمِينَ * إِنَّكُمۡ لَتَأۡتُونَ ٱلرِّجَالَ شَهۡوَةٗ مِّن دُونِ ٱلنِّسَآءِۚ بَلۡ أَنتُمۡ قَوۡمٞ مُّسۡرِفُونَ}**

ലൂത്വിനെയും (നാം അയച്ചു.) അദ്ദേഹം തൻറെ ജനതയോട്, നിങ്ങൾക്ക് മുമ്പ് ലോകരിൽ ഒരാളും തന്നെ ചെയ്തിട്ടില്ലാത്ത ഈ നീചവൃത്തിക്ക് നിങ്ങൾ ചെല്ലുകയോ? എന്ന് പറഞ്ഞ സന്ദർഭം (ഓർക്കുക.) സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുത്ത് തന്നെ നിങ്ങൾ കാമവികാരത്തോടെ ചെല്ലുന്നു. അല്ല, നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കുന്ന ഒരു ജനതയാകുന്നു.

[സൂറത്തുൽ അ'റാഫ് (80–81)]

അല്ലാഹു ﷻ പറഞ്ഞു:

{وَلُوطًا ءَاتَيۡنَٰهُ حُكۡمًا وَعِلۡمًا وَنَجَّيۡنَٰهُ مِنَ ٱلۡقَرۡيَةِ ٱلَّتِي كَانَت تَّعۡمَلُ ٱلۡخَبَٰٓئِثَۚ إِنَّهُمۡ كَانُواْ قَوۡمَ سَوۡءٖ فَٰسِقِينَ}

ലൂത്വിന് നാം വിധികർത്തൃത്വവും വിജ്ഞാനവും നൽകുകയുണ്ടായി. ദുർവൃത്തികൾ ചെയ്തുകൊണ്ടിരുന്ന ആ നാട്ടിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. തീർച്ചയായും അവർ (നാട്ടുകാർ) ധിക്കാരികളായ ഒരു ദുഷിച്ച ജനതയായിരുന്നു.

[സൂറത്തുൽ അൻബിയാ (74)]

അല്ലാഹു ﷻ പറഞ്ഞു:

{وَلُوطًا إِذۡ قَالَ لِقَوۡمِهِۦٓ أَتَأۡتُونَ ٱلۡفَٰحِشَةَ وَأَنتُمۡ تُبۡصِرُونَ * أَئِنَّكُمۡ لَتَأۡتُونَ ٱلرِّجَالَ شَهۡوَةٗ مِّن دُونِ ٱلنِّسَآءِۚ بَلۡ أَنتُمۡ قَوۡمٞ تَجۡهَلُونَ * فَمَا كَانَ جَوَابَ قَوۡمِهِۦٓ إِلَّآ أَن قَالُوٓاْ أَخۡرِجُوٓاْ ءَالَ لُوطٖ مِّن قَرۡيَتِكُمۡۖ إِنَّهُمۡ أُنَاسٞ يَتَطَهَّرُونَ * فَأَنجَيۡنَٰهُ وَأَهۡلَهُۥٓ إِلَّا ٱمۡرَأَتَهُۥ قَدَّرۡنَٰهَا مِنَ ٱلۡغَٰبِرِينَ * وَأَمۡطَرۡنَا عَلَيۡهِم مَّطَرٗاۖ فَسَآءَ مَطَرُ ٱلۡمُنذَرِينَ}

ലൂത്വിനെയും (ഓർക്കുക.) അദ്ദേഹം തൻറെ ജനതയോട് പറഞ്ഞ സന്ദർഭം: നിങ്ങൾ കണ്ടറിഞ്ഞു കൊണ്ട് നീചവൃത്തി ചെയ്യുകയാണോ? നിങ്ങൾ കാമനിവൃത്തിക്കായി സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുക്കൽ ചെല്ലുകയാണോ? അല്ല. നിങ്ങൾ അവിവേകം കാണിക്കുന്ന ഒരു ജനതയാകുന്നു.

ലൂത്വിൻറെ അനുയായികളെ നിങ്ങളുടെ രാജ്യത്ത് നിന്നും പുറത്താക്കുക, അവർ ശുദ്ധിപാലിക്കുന്ന കുറെ ആളുകളാകുന്നു എന്നു പറഞ്ഞത് മാത്രമായിരുന്നു അദ്ദേഹത്തിൻറെ ജനതയുടെ മറുപടി.

അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിൻറെ ആളുകളെയും നാം രക്ഷപ്പെടുത്തി; അദ്ദേഹത്തിൻറെ ഭാര്യ ഒഴികെ. പിൻമാറി നിന്നവരുടെ കൂട്ടത്തിലാണ് നാം അവളെ കണക്കാക്കിയത്. അവരുടെ മേൽ നാം ഒരു മഴ വർഷിപ്പിക്കുക ചെയ്തു. താക്കീത് നൽകപ്പെട്ടവർക്ക് ലഭിച്ച ആ മഴ എത്രമോശം!

[സൂറത്തു അന്നമ്ൽ (54–58)]

അല്ലാഹു ﷻ പറഞ്ഞു:

{وَلُوطًا إِذۡ قَالَ لِقَوۡمِهِۦٓ إِنَّكُمۡ لَتَأۡتُونَ ٱلۡفَٰحِشَةَ مَا سَبَقَكُم بِهَا مِنۡ أَحَدٖ مِّنَ ٱلۡعَٰلَمِينَ}

ലൂത്വിനെയും (ദൂതനായി അയച്ചു) തൻറെ ജനതയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) തീർച്ചയായും നിങ്ങൾ നീചകൃത്യമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. നിങ്ങൾക്കു മുമ്പ് ലോകരിൽ ഒരാളും അതുചെയ്യുകയുണ്ടായിട്ടില്ല.

[സൂറത്തുൽ അൻകബൂത് (28)]

അല്ലാഹു ﷻ പറഞ്ഞു:

{إِنَّآ أَرۡسَلۡنَا عَلَيۡهِمۡ حَاصِبًا إِلَّآ ءَالَ لُوطٖۖ نَّجَّيۡنَٰهُم بِسَحَرٖ}

തീർച്ചയായും നാം അവരുടെ നേരെ ഒരു ചരൽകാറ്റ് അയച്ചു. ലൂത്വിൻറെ കുടുംബം അതിൽ നിന്ന് ഒഴിവായിരുന്നു. രാത്രിയുടെ അന്ത്യവേളയിൽ നാം അവരെ രക്ഷപ്പെടുത്തി.

[സൂറത്തുൽ ഖമർ (34)]

## നബി ﷺ അദ്ദേഹത്തിന്റെ സുന്നത്തിൽ സ്വവർഗ്ഗരതിയെ കുറിച്ച് പരാമർശിച്ച ചിലത്:

ജാബിർ رضي الله عنهما യിൽ നിന്ന് നിവേദനം, റസൂലുല്ലാഹ് ﷺ പറഞ്ഞു:

"എന്റെ ഉമ്മത്തിന് മേൽ ഞാൻ ഏറ്റവും കൂടുതൽ ഭയക്കുന്ന കാര്യം ലൂത്തിന്റെ ജനതയുടെ പ്രവർത്തി (സ്വവർഗ്ഗരതി) ആകുന്നു."

[ഇമാം തിർമിധി റിപ്പോർട്ട് ചെയ്തത് (1457), ഷെയ്ഖ് അൽബാനി സ്വഹീഹ് ആക്കിയത്]

ഇബ്നു അബ്ബാസ് رضي الله عنهما യിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു:

"...ഒരു മൃഗവുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടവനും, ലൂത്തിന്റെ ജനതയുടെ പ്രവർത്തിയിൽ (സ്വവർഗ്ഗരതിയിൽ) ഏർപ്പെട്ടവനും ശപിക്കപ്പെട്ടിരിക്കുന്നു."

[ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്തത് (1875), ഷെയ്ഖ് അൽബാനി സ്വഹീഹ് ആക്കിയത്]

ഇബ്നു അബ്ബാസ് رضي الله عنهما യിൽ നിന്ന് നിവേദനം, റസൂലുല്ലാഹ് ﷺ പറഞ്ഞു:

"ആരെയാണോ നിങ്ങൾ ലൂത്തിന്റെ ജനതയുടെ പ്രവർത്തി (സ്വവർഗ്ഗരതി) ചെയ്യുന്നതായി കണ്ടെത്തിയത്, അത് പ്രവർത്തിച്ചവന്റെയും, ആരുടെമേൽ ആണോ ആ പ്രവർത്തി ചെയ്യപ്പെട്ടത്, അവന്റെയും മേൽ നിങ്ങൾ വധശിക്ഷ നടപ്പിലാക്കുക."

[ഇമാം തിർമിധി റിപ്പോർട്ട് ചെയ്തത് (1456), ഷെയ്ഖ് അൽബാനി സ്വഹീഹ് ആക്കിയത് [1]]

## സ്വവർഗ്ഗരതിയുടെ യാഥാർഥ്യവും അതിൽ അടങ്ങിയിട്ടുള്ള അശ്ലീലതയും:

ഷെയ്ഖ് ഉതയ്മീൻ رحمه الله തന്റെ ഖുർആൻ വിശദീകരണത്തിൽ പറഞ്ഞു:

{وَلُوطًا إِذْ قَالَ لِقَوْمِهِۦٓ أَتَأْتُونَ ٱلْفَـٰحِشَةَ وَأَنتُمْ تُبْصِرُونَ}

ലൂത്വിനെയും (ഓർക്കുക.) അദ്ദേഹം തൻറെ ജനതയോട് പറഞ്ഞ സന്ദർഭം: നിങ്ങൾ കണ്ടറിഞ്ഞു കൊണ്ട് നീചവൃത്തി ചെയ്യുകയാണോ?

[സൂറത്തു അന്നമ്ൽ (54)]

"ഈ ആയത്തിൽനിന്ന് എടുക്കപ്പെടുന്ന ഗുണപ്രദമായ വിജ്ഞാനങ്ങളിൽ പെട്ടതാകുന്നു:

◆ സ്വവർഗ്ഗരതിയുടെ ഗൗരവവും, അതിന്റെ മോശത്തരവും...

◆ ഈ നീചവൃത്തി പ്രവർത്തിക്കുന്നവരെ എതിർക്കേണ്ടതിന്റെ അനിവാര്യത...

◆ നീചവൃത്തികൾ എന്തിനോടാണോ ചേർന്നുവരുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ, അവയുടെ വൃത്തികേട് വ്യത്യസ്തപ്പെടുന്നതാണ്; കാരണം ഇവിടെ ((കണ്ടറിഞ്ഞു കൊണ്ട്)) എന്ന് പറഞ്ഞു.

1. മറ്റു ചില പണ്ഡിതന്മാർ ഇത് മൗഖൂഫ് (സ്വഹാബിയുടെ വാക്കുകളിൽ പെട്ടത്) ആണെന്നും, നബി ﷺ യിലേക്ക് ഉയർത്തപ്പെട്ടിട്ടില്ല എന്നും പറഞ്ഞിട്ടുണ്ട്.

ഈ നീചവൃത്തി തിന്മയാണ്, എന്നാൽ അത് പരസ്യമായും, വെളിപ്പെടുത്തിക്കൊണ്ടും, ആളുകൾ പരസ്പരം മറ്റുള്ളവരുടെ മുന്നിൽ പ്രവർത്തിക്കുക എന്നത് അതിന്റെ വൃത്തികേടിനെയും മോശത്തരത്തെയും വർധിപ്പിക്കുയും വലുതാക്കുകയും ചെയ്തു.

അതുകൊണ്ടാണ് അവിടെ ((കണ്ടറിഞ്ഞു കൊണ്ട്)) എന്ന ആ അവസ്ഥയെ പരാമർശിച്ചത്..."

അടുത്ത ആയത്തിന്റെ വിശദീകരണത്തിൽ അദ്ദേഹം പറഞ്ഞു:

{أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ شَهْوَةً مِّن دُونِ ٱلنِّسَآءِ ۚ بَلْ أَنتُمْ قَوْمٌ تَجْهَلُونَ}

നിങ്ങൾ കാമനിവൃത്തിക്കായി സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുക്കൽ ചെല്ലുകയാണോ? അല്ല. നിങ്ങൾ അവിവേകം കാണിക്കുന്ന ഒരു ജനതയാകുന്നു.

[സൂറത്തു അന്നമ്ൽ (55)]

"ഇതിൽ, ഒരു വശത്ത് നിന്ന് അവർ കാമാഭിലാഷത്തിനായി, പുരുഷൻമാർ ഇത്തരം ഒരു കാര്യത്തിന് യോഗ്യരല്ലാതിരിക്കെ അവരുടെ അടുക്കൽ ചെല്ലുന്നതിനൊടുള്ള എതിർപ്പും, അതുപോലെ മറ്റൊരു വശത്ത് നിന്ന് അവർ, സ്ത്രീകൾ കാമാഭിലാഷത്തിനുള്ള ഇടമായിട്ടും അവരെ വെടിയുന്നു എന്നതിനോടുള്ള എതിർപ്പും ഉണ്ട്, അതിനാൽ ആണ് ((സ്ത്രീകളെ വിട്ട്)) എന്ന് പറഞ്ഞത്. ഇപ്രകാരം ചെയ്യുതിലൂടെ അവർ പ്രവർത്തിച്ചതിലും, ഉപേക്ഷിച്ചതിലും മോശക്കാരായിരിക്കുന്നു. അതുകൊണ്ടാകുന്നു മറ്റൊരു ആയത്തിൽ അവരോടു പറഞ്ഞത്:

{وَتَذَرُونَ مَا خَلَقَ لَكُمْ رَبُّكُم مِّنْ أَزْوَٰجِكُم}

നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു തന്നിട്ടുള്ള നിങ്ങളുടെ ഇണകളെ വിട്ടുകളയുകയുമാണോ?

[സൂറത്തു അശ്ശുഅറാ' (166)]

ഇത് കൂടുതൽ സ്പഷ്ടമാകുന്നു, അതായത്, വിഷയം ഇവിടെ അവർക്ക് എല്ലാ മാർഗങ്ങളും അടയുകയും, വേറെ ഒരു വഴിയുമില്ലായിരുന്നു എന്ന നിലക്കായിരുന്നെങ്കിൽ, കാര്യം ഇതിനേക്കാൾ നിസ്സാരമായേനെ, പക്ഷെ ഇവിടെ ഹലാൽ ആക്കപ്പെട്ടിട്ടുള്ള, അനുവദനീയമായ, പ്രകൃതിയോട് യോജിക്കുന്ന തരത്തിലുള്ള മാർഗങ്ങൾ ഉണ്ട്. അവയെ ഉപേക്ഷിച്ചിട്ടാണ് നിങ്ങൾ ഇതിലേക്ക് പോകുന്നത്, (ഇസ്ലാമികപരമായി) അറുത്തിട്ടുള്ള ഇറച്ചി ഉപേക്ഷിച്ചുകൊണ്ട് ശവം ഭക്ഷിക്കുന്നവനെ പോലെ, അഥവാ ശെരിയായ കച്ചവടം ഉപേക്ഷിച്ചിട്ട് പലിശയിലേക്ക് പോവുകയും,

എന്നിട്ട് കച്ചവടവും പലിശയെ പോലെത്തന്നെയാണ് പറയുന്നവനെ പോലെ.

ചുരുക്കി പറഞ്ഞാൽ: വൃത്തികേടുകൾക്ക് പകരമായികൊണ്ട് വിശിഷ്ടമായത് ലഭ്യമാണെങ്കിൽ അവയുടെ വൃത്തികേട് കൂടുതൽ വർധിക്കുന്നതാണ്..."

പിന്നീട് അദ്ദേഹം പറഞ്ഞു:

"ഈ ആയത്തിൽനിന്ന് എടുക്കപ്പെടുന്ന ഗുണപ്രദമായ വിജ്ഞാനങ്ങളിൽ പെട്ടതാകുന്നു:

◆ ഈ ഒരു കാമാഭിലാഷം സംഭവിക്കുന്നത് തീർച്ചയായും ഒരു മനുഷ്യനിൽ അടങ്ങിയിട്ടുള്ള അവിവേകം മൂലമാകുന്നു, അല്ലാതെ സ്വഭാവസിദ്ധമായിക്കൊണ്ടല്ല, ((നിങ്ങൾ അവിവേകം കാണിക്കുന്ന ഒരു ജനതയാകുന്നു)) എന്ന് പറഞ്ഞതിനാൽ ആകുന്നു അത്. അതവരോട് ഇപ്രകാരം പറയുന്നത് പോലെയാണ്: നിങ്ങൾ കാമാഭിലാഷം കൊണ്ട് അവരുടെ അടുക്കലേക്ക് വന്നതിന് (യഥാർത്ഥത്തിൽ) യാതൊരു സ്ഥാനവുമില്ല, പക്ഷെ നിങ്ങളിൽ നിന്ന് ഇത്തരം ഒരു പ്രവർത്തി നിർബന്ധമാക്കിയത് നിങ്ങൾ അവിവേകം കാണിക്കുന്ന ഒരു ജനതയാകുന്നു എന്നതാണ്, അതായത് വിവരമില്ലാത്ത (ഒരു ജനത).

◆ അവർ നിലകൊണ്ടിരുന്ന അധഃപതിച്ച സാമൂഹിക രൂപം; കാരണം അവർ പുരുഷന്മാർക്കിടയിൽ ഈ പ്രവർത്തി ചെയ്യുമായിരുന്നെങ്കിൽ, യഥാർത്ഥത്തിൽ അവരുടെ ഇടയിൽ ഒറ്റയൊരു പുരുഷൻ പോലും ബാക്കിയാവുകയില്ല, അവരിൽ എല്ലാവരും സ്ത്രീകളുടെ സ്ഥാനത്ത് ആയിത്തീർന്നിരിക്കുന്നു, ഇനി ഒരുവന് പ്രായമായി കഴിഞ്ഞാൽ അവൻ സ്വന്തത്തിന്റെ മേൽ ഇത്തരം ഒന്നു ചെയ്യപ്പെടുന്നതിൽനിന്ന് വിട്ടുനിൽക്കുകയും, പിന്നീട് അവൻ മറ്റുള്ളവരുടെ മേൽ ഈ പ്രവർത്തി ചെയ്യുന്ന ഒരുവൻ മാത്രം ആയിത്തീരും എന്ന നിലക്കല്ലാതെ. അപ്പോൾ അവർ ചെറുപ്പക്കാർ ആയിരിക്കെ തങ്ങളുടെ മേൽ ഈ പ്രവർത്തി ചെയ്യപ്പെടുന്നവരും, പ്രായമായി കഴിഞ്ഞാൽ മറ്റുള്ളവരുടെ മേൽ ഇത് ചെയ്യുന്നവരും ആവുന്നതാണ്. അതിനാൽ മനുഷ്യരിൽ ഇത്തരം ഒരു സാമൂഹിക അധോഗതി ഏറ്റവും ക്ഷയിച്ച ഒരു അധഃപതനം ആയാണ് കണക്കാക്കപ്പെടുന്നത്.

## ലൂത്തിയുടെ (പുരുഷനുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്റെ) വിധി:

➢ ഒരു ലൂത്തിയുടെ (പുരുഷനുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്റെ) വിധിയെന്താണെന്ന് ഷെയ്ഖ് ഇബ്നു ബാസ് رحمه الله യോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറയുകയുണ്ടായി: "...

അമീറുൽ മു'മിനീൻ അൽ-വലീദ് ബിൻ അബ്ദിൽമലിക് പറഞ്ഞു:

"അല്ലാഹു ഖുർആനിൽ ഇത്തരക്കാരുടെ കഥ പരാമർശിച്ചിട്ടില്ലായിരുന്നെങ്കിൽ, ഒരു പുരുഷനു മറ്റൊരു പുരുഷനുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാൻ കഴിയുമെന്ന് ഞാൻ ചിന്തിക്കുക പോലുമില്ലായിരുന്നു!"

അത് അറപ്പുതോന്നിക്കുന്ന ഒരു നീചകൃത്യമാകുന്നു, വ്യഭിചാരത്തെക്കാൾ ബീഭത്സമായതും വൃത്തികെട്ടതും ആകുന്നു അത്. അതിനാൽ ആകുന്നു വധശിക്ഷ അതിന്റെ വിധിയായി വന്നിട്ടുള്ളത്. അതിന്മേൽ ആകുന്നു നബി ﷺ യുടെ സ്വഹാബത്ത് നിലകൊണ്ടിരുന്നത്, ഒരു ലൂത്തി നിക്കാഹ് കഴിഞ്ഞ തന്റെ ഭാര്യയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിട്ടുള്ളവൻ ആയാലും, അല്ലെങ്കിലും അവനെ വധിക്കപ്പെടും എന്നതിൽ അവരുടെ ഏകാഭിപ്രായം ഉണ്ട്...

ലൂത്തിയായ ഒരുവൻ വധിക്കപ്പെടുന്നതാണ്, ഇതാകുന്നു ശെരിയായ അഭിപ്രായം...

(ലൂത്തിയായ ഒരുവൻ എപ്രകാരമാണ് വധിക്കപ്പെടുക എന്ന വിഷയത്തിലുള്ള അഭിപ്രായവ്യത്യാസത്തെ കുറിച്ച് സൂചിപ്പിച്ച ശേഷം അദ്ദേഹം പറഞ്ഞു)

ശെരിയായത്, അവൻ വാളിനാൽ വധിക്കപ്പെടണമെന്നതാണ്, കാരണം തീകൊണ്ട് അല്ലാഹു അല്ലാതെ മറ്റാരും ശിക്ഷിക്കുകയില്ല, കല്ലുകൊണ്ട് എറിഞ്ഞു കൊല്ലുക എന്നുള്ളതാകട്ടെ (തന്റെ ഭാര്യയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ട ശേഷം വ്യഭിചരിച്ചവന്റെ കാര്യത്തിൽ വന്നിട്ടുള്ള ശിക്ഷയാണ്. അതിനാൽ ലൂത്തിയയുടെ കാര്യം വ്യതസ്ഥപ്പെടുന്നു, എന്നാൽ അത് പ്രവർത്തിച്ച വ്യക്തിയും, ആരുടെമേൽ ആണോ അത് പ്രവർത്തിക്കപ്പെട്ടത് ആയാളും, അവർ രണ്ടുപേരും മുകല്ലഫീങ്ങൾ

(ഇസ്ലാമികനിയമങ്ങൾ തങ്ങളുടെ മേൽ ബാധകമായിട്ടുള്ളവർ ) ആണെങ്കിൽ അവരെ വാളിനാൽ വധിക്കപ്പെടുന്നതാണ്..."

## സ്വവർഗ്ഗരതിയുടെ ദോഷങ്ങൾ:

- അൽ ഇമാം ഇബ്നുൽ ഖയ്യിം رحمه الله പറഞ്ഞു:

  "അവയിൽ രണ്ടിലും, അതായത്: വ്യഭിചാരത്തിലും സ്വവർഗ്ഗരതിയിലും, അല്ലാഹ്ഹുവിന്റെ സൃഷ്ടിപ്പിലും കല്പനയിലുമുള്ള ഹിക്മത്തിനോട് എതിരാകുന്ന തരത്തിലുള്ള നാശം അടങ്ങിയിരിക്കുന്നു; തീർച്ചയായും സ്വവർഗ്ഗരതിയിൽ പരിമിതപ്പെടുത്താനും എണ്ണുവാനും സാധിക്കാത്തയത്രെ നാശങ്ങൾ അടങ്ങിയിരിക്കുന്നു. ഈ പ്രവർത്തി ആരുടെമേൽ ആണോ ചെയ്യപ്പെടുന്നത്, അയാൾ വധിക്കപ്പെടുന്നതാണ് അവന്റെ മേൽ ഇതു ചെയ്യപ്പെടുന്നതിനെക്കാൾ അവന് നല്ലത്, അതിനു ശേഷം അവൻ ഒരിക്കലും നന്നാവുകയില്ല എന്നത്തക്കവണ്ണമുള്ള നാശം അത് ഉണ്ടാക്കുന്നതാണ്, അവന്റെ എല്ലാ നന്മയും വിട്ടുപോകുന്നതാണ്, അവന്റെ എല്ലാ നാണവും അതോടെ ഇല്ലാതായിപ്പോകുന്നതാണ്, അതിന് ശേഷം അവൻ അല്ലാഹ്ഹുവിൽ നിന്നും നാണിക്കുകയില്ല, സൃഷ്ടികളിൽ നിന്നും നാണിക്കുകയില്ല. അവന്റെമേൽ ഇത് പ്രവർത്തിച്ചവന്റെ ബീജം അവന്റെ ആത്മാവിലും ഹൃദയത്തിലും, വിഷം ശരീരത്തെ ബാധിക്കുന്നത് പോലെ ബാധിക്കുന്നതാണ്..."

  (അൽ–ജവാബുൽ കാഫീ, 115)

## അസ്സിഹാഖിന്റെ (സ്ത്രീ മറ്റൊരു സ്ത്രീയുമായി ലൈംഗികമായ ആനന്ദാനുഭൂതിയിൽ ഏർപ്പെടുന്നതിന്റെ) വിധി:

- അസ്സിഹാഖ് എന്നാൽ എന്താണ്? ഈ പ്രവർത്തി അല്ലാഹ്ഹുവിന്റെ ശാപത്തിനും, ഇസ്ലാമികശിക്ഷയ്ക്കും വിധേയമാക്കപ്പെടുന്നതാണോ?

  അസ്സിഹാഖ് എന്നാൽ ഒരു സ്ത്രീ മറ്റൊരു സ്ത്രീയുമായി (ലൈംഗികമായ) ആനന്ദാനുഭൂതിയിൽ ഏർപ്പെടൽ ആണ്, അത് ഹറാമാക്കപ്പെട്ടിട്ടുള്ള ഒന്നാണ്, അതിനെതിരെ ഇസ്ലാമിക ശിക്ഷ നടപ്പിലാക്കപ്പെടുകയില്ല, എന്നാൽ നിർബന്ധമായും

ശാസനാനടപടികൾ എടുക്കപ്പെടണം.

[അല്ലജ്നത്തു അദ്ദാഇമ ലിൽ ബുഹൂഥ് അൽ ഇൽമിയ്യ വൽ ഇഫ്താ', (17867)]

- അൽ-മാവർദീ തന്റെ അൽ-ഹാവീ അൽ കബീർ എന്ന പുസ്തകത്തിൽ പറഞ്ഞു:

"അസ്സിഹാഖ് എന്നത്, അതായത് ഒരു സ്ത്രീ മറ്റൊരു സ്ത്രീയുമായി (ലൈംഗികമായ) ആനന്ദാനുഭൂതിയിൽ ഏർപ്പെടൽ വ്യഭിചാരത്തെ പോലെ വിലക്കപ്പെട്ടിട്ടുള്ള ഒന്നാണ്, അതിനുള്ള ശിക്ഷയിൽ അത് വ്യത്യസ്ഥപ്പെടുന്നുണ്ടെങ്കിൽ കൂടി, കാരണം നബി ﷺ പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: അസ്സിഹാഖ് എന്നത് സ്ത്രീകളുടെ ഇടയിലുള്ള അവരുടെ വ്യഭിചാരമാകുന്നു[2]..."

- അസ്സിഹാഖ് ഹറാം ആണെന്നതിൽ ഫുഖഹാഉകളുടെ ഇടയിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല... ഇബ്നു ഹജർ അൽ-ഹൈതമി അതിനെ വൻപാപങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

[അൽ-മൗസൂ'അ അൽ ഖുവൈറ്റിയ]

ഇതെല്ലാം അറിഞ്ഞതിനു ശേഷവും ഇത്തരം ഒന്ന് പ്രവർത്തിക്കുകയോ, അത് പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന, ഹൃദയങ്ങളിൽ അന്ധത ബാധിച്ച, വിശാലത വാദിക്കുന്ന ഇടുങ്ങിയ ചിന്താഗതിയുടെ ആളുകളോട് പറയാനുള്ളത് അബൂ മസ്ഊദ് رضي الله عنه നിവേദനം ചെയ്ത നബി ﷺ യുടെ വാചകമാണ്:

**"...നിനക്ക് ലജ്ജയില്ലെങ്കിൽ, നീ ഉദ്ദേശിക്കുന്നത് നീ പ്രവർത്തിച്ചുകൊള്ളുക!"**

[അബൂ ദാവൂദ് റിപ്പോർട്ട് ചെയ്തത്, (4797), ഷെയ്ഖ് അൽബാനി സ്വഹീഹ് ആക്കിയത്]

2. ഈ ഹദീഥ് ദുർബലമാണ്.

തയ്യാറാക്കിയത്:
അബൂ റയ്യാൻ അബ്ദുല്ലാഹ്
(അല്ലാഹു അവന് പൊറുത്തു കൊടുക്കുകയും അവന്റെ
മാതാപിതാക്കളെ ഇസ്ലാമിലേക്ക് നയിക്കുകയും ചെയ്യട്ടെ)

ഹി: 21 ദുൽ ഖഅ്ദ, 1443, ചൊവ്വാഴ്ച



# സ്വവർഗ്ഗരതി:
## ഒരു സാമൂഹിക
## അധോഗതി !!!


مركز علوم السنة

MARKAZU ULOOMISSUNNAH

70# Bisra, Bismillah Road,
Melakkam, Manjeri - 676123, Malappuram, Kerala

T.me/Altadhkira T.me/uloomussunnah

www.uloomussunnah.com